**പതിമൂന്നാം കേരള നിയമ സഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ 259 — 20-06-2013 -ലെ മറുപടിക്ക്

**ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എളമരം കരീം | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടു ണ്ടോ; അതോറിറ്റിയുടെ ജില്ലാതലത്തിലുള്ള പ്രവർത്തനം സജീവമാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | ഉണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന് നേരിടേണ്ടിവന്ന ദുരിതങ്ങളിൽ അതോറിറ്റിക്ക് എത്രമാത്രം ഇടപെടാൻ കഴിഞ്ഞിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ വരൾച്ചയെ നേരിടുന്നതിന് മുൻകരുതലെടുക്കുന്നതിന് അതോറിറ്റി യോഗം കൂടുകയും ആദ്യം 4 ജില്ലകളെ വരൾച്ച ബാധിതമായി പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് സംസ്ഥാനം മുഴുവൻ വരൾച്ച ബാധിതമായി പ്രഖ്യാപിച്ച് നാശ നഷ്ടങ്ങളെ നേരിടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കേന്ദ്രത്തിൽ നിന്ന് ആവശ്യമായ സഹായം നേടിയെടുക്കുന്നതിന് വിശദമായ മെമ്മോ റാണ്ടം തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2 പ്രാവശ്യം കേന്ദ്ര സംഘം കേരളത്തിൽ സന്ദർശനം നടത്തി. കൂടാതെ 2012-13 സാമ്പത്തിക വർഷം വെള്ളപ്പൊക്കം -ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് അധിക കേന്ദ്ര സഹായത്തിനായി മെമ്മോറാണ്ടം തയ്യാറാക്കാനും അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ ശാസ്ത്രീയമായും കൃത്യമായും കേരളത്തിൽ ഉണ്ടായിട്ടുള്ള ദുരന്തങ്ങൾക്ക് സംസ്ഥാന തലത്തിൽ വേണ്ടുന്ന ഇടപെടലുകൾ നടത്താൻ ദുരന്ത നിവാരണ അതോറിറ്റിക്ക് സാധിച്ചിട്ടുണ്ട്. |
| (സി) | കാലവർഷം ശക്തിപ്രാപിച്ചുവരുന്ന സാഹചര്യത്തിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ അതോറിറ്റി എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടു ണ്ടോ ; | (സി) | മൺസൂൺ ദുരന്തങ്ങളെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾക്കായി സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറായ റവന്യൂ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി വിളിച്ച് ചേർത്ത യോഗത്തിൽ മൺസൂൺ മുൻകരുതലിനായി താഴെപ്പറയുന്ന നിർദ്ദേശം തുറമുഖ വകുപ്പിന് നൽകിയിരുന്നു.<br>(എ). ജി.പി.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് കടൽ ഭിത്തികൾ തകർന്നിട്ടുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ കൃത്യമായി ശേഖരിച്ച് ജില്ലാ കളക്ടർമാർക്കും സംസ്ഥാന ദുരന്ത സാധ്യതാ അപഗ്രഥന സെല്ലിനും നല്കണം.<br>(ബി). ഗ്രാമപഞ്ചായത്ത് വാർഡുകളിൽ 5000 |

| | | | |
|---|---|---|---|
| | | | രൂപയുടെയും മുനിസിപ്പാലിറ്റി വാർഡുകളിൽ 10000 രൂപയുടെയും സിറ്റി കോർപ്പറേഷൻ വാർഡുകളിൽ 15000 രൂപയുടെയും വാർഡുതല ദുരന്ത പ്രതികരണ നിധി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിനിയോഗിച്ച് കൊണ്ട് രൂപീകരിക്കുവാൻ പെർമിസ്സീവ് സാങ്ഷൻ നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് അതാത് വാർഡുകളിൽ ഉള്ള ജനങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങളിൽ ഉടനടി പ്രതികരിക്കാവുന്നതാണ്. |
| (ഡി) | പ്രകൃതിക്ഷോഭം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾ സംബന്ധിച്ച് അതോറിറ്റി പഠനം നടത്തിയിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; അടിയന്തിര ഘട്ടം നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ ; | (ഡി) | ഉണ്ട്. 2011-12 ന ശേഷം ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ഉരുൾപൊട്ടലുകളും മുന്നിനമേൽ തീവ്രത രേഖപ്പെടുത്തിയിട്ടുള്ള ഭൂമികലുക്കങ്ങളും സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ 14 റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതും വരും വർഷങ്ങളിൽ വരൾച്ചയേയും ശക്തമായ കാലവർഷത്തേയും നേരിടുന്നതിനും വേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ച് മറ്റു വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | മതിയായ ഫണ്ടിന്റെ അപര്യാപ്തത അതോറിറ്റിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; ഇതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ തേടിയ കേന്ദ്ര സഹായം , ലഭിച്ച തുക, സംസ്ഥാന വിഹിതം എന്നിവയുടെ വിശദാംശം നൽകുമോ? | (ഇ) | ഫണ്ടിന്റെ അപര്യാപ്തത സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ